# ചെറുകുന്നിൽ ചെമ്മീൻ പാടങ്ങൾക്കെതിരെ ഗ്രാമീണർ സംഘടിക്കുന്നു

കണ്ണൂർ: പഴയങ്ങാടി പുഴയോരത്തുള്ള കൊച്ചു ഗ്രമാമായ ദാലിൽ ശാസ്ത്രീയ ചെമ്മീൻകൃഷിയെന്ന അശാസ്ത്രീയ മാരക വിപത്തിനെതിരെ ചെറുത്തുനിൽപ്പു സമരത്തിലാണ്. ചെറുകുന്ന് പഞ്ചായത്തിൽ രണ്ടാം വാർഡിൽ ഉൾപ്പെടുന്ന ഈ പ്രദേശം മൂന്നു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടതും വളരെക്കാലമായി ശുദ്ധജലക്ഷാമം നേരിടുന്നതുമായ ഒന്നാണ്. പുഴയിൽ മത്സ്യംപിടിച്ചും തഴപ്പായനെയ്തും കൃഷിപ്പണിയിൽ ഏർപ്പെട്ടും കഴിഞ്ഞുവരുന്ന ഹരിജനങ്ങളാണ് ദാലിൽ നിവാസികളിൽ ഭൂരിഭാഗവും. നിഷ്കളങ്കരും അധികൃതർ പറയുന്നതെന്തും വിശ്വസിക്കുന്നവരുമായ ഇവർക്ക് അതുകൊണ്ടുതന്നെ മൂന്നുവർഷം മുമ്പ് ചെമ്മീൻ ഫാമുകൾ തുടങ്ങുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് യാതൊരു ബോധവുമില്ലാതിരുന്നത് സ്വാഭാവികം മാത്രം. എന്നാൽ കണ്ണൂർ ജില്ലയിലെ മറ്റു പ്രദേശങ്ങളിലെ ചെമ്മീൻ പാടങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ശുദ്ധജലക്ഷാമത്തെക്കുറിച്ചും കണ്ടൽക്കാടുകൾ നശിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും. അറിവുനേടിയ ഗ്രാമീണർ ഇപ്പോൾ തങ്ങളുടെ പൂർവീകർ അന്ത്യവിശ്രമംകൊള്ളുന്ന മണ്ണിൽനിന്നും പിഴുതെറിയപ്പെടുമെന്ന ഘട്ടംവന്നപ്പോൾ, തങ്ങളുടെ ശ്മശാനഭൂമി പോലും വെള്ളംകയറി മൂടുമെന്നായപ്പോൾ 'അളമുട്ടിയ ചേര'യെപ്പോലെ ചെമ്മീൻ മുതലാളിമാർക്കെതിരെ ഒറ്റക്കെട്ടായി അണിനിരക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലമായി നിലനില്ക്കുന്ന 5 ഏക്കറോളംവരുന്ന 4 ബണ്ടുകൾക്കു പുറമെ കണ്ടൽക്കാടുകൾ കാവൽനിൽക്കുന്ന സ്ഥലമുൾപ്പെടെ 15 ഏക്കറോളം കയ്പാട് നിലങ്ങൾകൂടി വിലയ്ക്കെടുത്തു. ചെമ്മീൻ പാടങ്ങളാക്കി മാറ്റാൻ ശ്രമം തുടങ്ങിയിരിക്കുകയാണ്. എറണാകുളത്തെ സ്വർണ്ണ വ്യാപാരികളും മറ്റു മദ്യരാജാന്മാരും ഉൾപ്പെടുന്ന മാഫിയാസംഘത്തിലെ ആളുകൾതന്നെയാണ് ഇവിടെയും രംഗത്തെത്തിയിരിക്കുന്നത്. വികസനത്തിന്റെ പേരിൽനടക്കുന്ന ഏതു കോപ്രായങ്ങൾക്കും ബലിയാടുകളാവുന്നത് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള ആദിവാസികളും ദളിതരുമാണ്. ഇവർക്കുവേണ്ടി വാദിക്കാൻ മുതലാളിമാരിൽനിന്ന് വൻതുക ഫണ്ടുവാങ്ങി തെരഞ്ഞെടുപ്പ് മാമാങ്കത്തിലറങ്ങുന്ന ഒരു രാഷ്ട്രീയക്കാരും തയാറുമല്ല എന്നതാണ് സമീപകാല സംഭവങ്ങൾ വ്യക്തമാക്കുന്നത്.

ഒക്ടോബർ 24-ന് ദാലിൽ പള്ളിക്കുസമീപം ജനങ്ങളുടെ സമരപ്രഖ്യാപന കൺവൻഷൻ നടന്നു. ചെമ്മീൻ പാടങ്ങൾ വരുത്തിവയ്ക്കുന്ന സാമൂഹ്യവും സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ശ്രീ. എ. മോഹൻകുമാർ വിഷയമവതരിപ്പിച്ചു. കണ്ടൽക്കാടുകളുടെ രക്ഷകനായ ശ്രീ. കല്ലേൻ പൊക്കുടനായിരുന്നു കൺവൻഷൻ ഉദ്ഘാടനം ചെയ്തത്. കേവീസ്ദാലിൽ ചിട്ടപ്പെടുത്തിയ ജനകീയ ഗാനത്തോടെ ആരംഭിച്ച കൺവൻഷനിൽ ഡോ. ഡി. സുരേന്ദ്രനാഥ് അധ്യക്ഷനായിരുന്നു. ശ്രീ. എം. ലാസർ, പി.പി. കൃഷ്ണൻ, ഫാദർ ജോസ് മണിപ്പാറ, എൻ. സുബ്രഹ്മണ്യൻ, വി.സി. ബാലകൃഷ്ണൻ എന്നിവർ അഭിവാദ്യം ചെയ്തു സംസാരിച്ചു. കുമാരി ഷിന്റു ചൊല്ലിക്കൊടുത്ത സമരപ്രഖ്യാപന പ്രതിജ്ഞ സ്ത്രീകൾ ഉൾപ്പെടെയുള്ള സദസ് ആവേശത്തോടെ ഏറ്റുചൊല്ലി. അടുത്ത ദിവസത്തെ സമരപരിപാടികളിൽ പങ്കെടുക്കാനുള്ള ദൃഢനിശ്ചയത്തോടെയായിരുന്നു ഗ്രാമീണർ പിരിഞ്ഞത്.

കണ്ണൂർ ജില്ലാ പരിസ്ഥിതി സമിതി, മാടായിപ്പാറ സംരക്ഷണ സമിതി, കർഷക രക്ഷാസമിതി, പയ്യന്നൂർ ഹെൽത്ത് ഫോറം എന്നീ സംഘടനകളുടെ പിന്തുണ ഇപ്പോൾ 'ദാലിൽ സംരക്ഷണ സമിതി'യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിനുണ്ട്.

***–കണ്ണൂർ ജില്ലാ പരിസ്ഥിതി സമിതി***